TCPKLM/526/2022-C

I/75153/20

**ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം**

വിഷയം: ചടയമംഗലം ഗ്രാമ പഞ്ചായത്തിൽ ചടയമംഗലം വില്ലേജിൽ റീസർവ്വേ നമ്പർ 233/1-1, 235/3, 235/3-2 എന്നിവയിൽ ഉൾപ്പെട്ട 50.63 ആർ സ്ഥലത്തു 148 ച.മീ വിസ്തൃതിയിൽ നിലവിലുള്ള വാസഗൃഹത്തിന്റെ കൂടെ 1735.10 ച.മീ വിസ്തൃതിയിൽ (GF+2F) നിർമ്മിക്കാൻ പോകുന്ന B-ed training institute ന്റെ ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/10/2022 ലെ എസ്.സി.2/2146/2022 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ TCPKLM/526/2022/C തീയതി 15-11-2022**

---

ചടയമംഗലം ഗ്രാമ പഞ്ചായത്തിൽ ചടയമംഗലം വില്ലേജിൽ റീസർവ്വേ നമ്പർ 233/1-1, 235/3, 235/3-2 എന്നിവയിൽ ഉൾപ്പെട്ട 50.63 ആർ സ്ഥലത്തു 148 ച.മീ വിസ്തൃതിയിൽ നിലവിലുള്ള വാസഗൃഹത്തിന്റെ കൂടെ 1735.10 ച.മീ വിസ്തൃതിയിൽ (GF+2F) നിർമ്മിക്കാൻ പോകുന്ന B-ed training institute ന്റെ ലേഔട്ട് അനുമതി ലഭ്യമാകുന്നതിനുവേണ്ടി ശ്രീ.എം.ബദറുദ്ധീൻ, ചെയർമാൻ, ബദറുദ്ധീൻ എഡ്യുക്കേഷണൽ ട്രസ്റ്റ്, മണ്ണന്തല, വട്ടപ്പാറ പി.ഓ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
3. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. അഗ്നിശമന സേന വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിരിക്കണം.
5. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
6. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.
7. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
8. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ

I/75153/2022

സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിംഗിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

9. KPBR 2019 ചട്ടം 42 പ്രകാരം ഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. നിർദ്ദിഷ്ട നിർമ്മാണം മൂലം സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും മണ്ണ് കുഴിച്ചു മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്
11. ചട്ടം 22(5) പ്രകാരം വൈദ്യുതി പ്രസരണ ലൈനിനും നിർമ്മാണത്തിനും ഇടയിൽ ആവശ്യമായ അകലം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>49/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V TOWN PLANNER
Date: 15-11-2022 11:00:46

**സെക്രട്ടറി**
ചടയമംഗലം ഗ്രാമപഞ്ചായത്ത്

പകർപ്പ്:

ശ്രീ എം ബദറുദ്ധീൻ ,
ചെയർമാൻ ,
ബദറുദ്ധീൻ എഡ്യുക്കേഷണൽ ട്രസ്റ്റ് ,
TC NO:13/464,
അരുവിയോട്
മണ്ണന്തല ,
വട്ടപ്പാറ പി ഒ ,
തിരുവനന്തപുരം - 695028